**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4023** **17-03-2025 - ൽ മറുപടിയ്ക്ക്**

**സംഭരിച്ച നെല്ലിന്റെ വില ഉടൻ നൽകാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ കർഷകർക്ക് നെല്ല് സംഭരിച്ച ഉടൻ തന്നെ അതിന്റെ വില നൽകുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ? | (എ) | കർഷകരിൽ നിന്ന് നെല്ല് സംഭരണത്തിന് സംസ്ഥാന സർക്കാർ ചുമതലപ്പെടുത്തിയിട്ടുള്ള നോഡൽ ഏജൻസിയാണ് സപ്ലൈകോ. സപ്ലൈകോയുടെ മേൽനോട്ടത്തിൽ നെല്ല്, കർഷകരുടെ കൃഷിയിടത്തിൽ നിന്ന് സംഭരിച്ച്, കരാറിലേർപ്പെട്ടിട്ടുള്ള മില്ലുകൾ മുഖാന്തിരം അരിയാക്കി (CMR- Custom Milled Rice) പൊതുവിതരണ സംവിധാനത്തിലൂടെ (റേഷൻകട) നൽകുന്നതിന് ഏകദേശം 6 മാസത്തിൽ കുറയാതെ സമയമെടുക്കുന്നതാണ്.<br><br>ടി അരി (CMR) റേഷൻഷോപ്പ് വഴി വിതരണം നടത്തി AePDS PORTAL-ൽ സിവിൽ സപ്ലൈസ് വകുപ്പ് ആയതിന്റെ വിവരങ്ങൾ രേഖപ്പെടുത്തുന്നു. അതിനുശേഷം ആയതിന്റെ ക്ലെയിം തയ്യാറാക്കി മൂന്നുമാസത്തിലൊരിക്കൽ നൽകുമ്പോൾ മാത്രമാണ് നെല്ലിന്റെ താങ്ങുവില കേന്ദ്ര സർക്കാരിൽ നിന്ന് സപ്ലൈകോയ്ക്ക് ലഭിക്കുന്നത്. ഓരോ സീസണിലും നെല്ല് സംഭരണം മുതൽ കേന്ദ്ര സർക്കാരിൽ നിന്ന് ഫണ്ട് ലഭിക്കുന്നതുവരെ 6 മുതൽ 8 മാസം വരെ കാലതാമസം നേരിടുന്നുണ്ട്.<br><br>*ഈ സാഹചര്യത്തിൽ കർഷകന് സമയബന്ധിതമായും പൂർണ്ണമായും സംഭരണവില നൽകുന്നതിനുവേണ്ടി മാത്രമാണ് പി.ആർ.എസ് വായ്പ പദ്ധതി പ്രകാരം കർഷകർക്ക് പണം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളത്.*<br><br>*2024-25 സീസണിൽ കർഷകരുടെ നെല്ല് പരമാവധി വേഗത്തിൽ സംഭരിച്ച് വില അവരുടെ അക്കൗണ്ടുകളിൽ നൽകുന്നതിന് എസ്.ബി.ഐ, കാനറ എന്നീ കൺസോർഷ്യം ബാങ്കുകളുമായി സപ്ലൈകോ കരാറിൽ ഏർപ്പെട്ടിട്ടുള്ളതും, പി.ആർ.എസ് വായ്പാപദ്ധതി പ്രകാരം കർഷകന്റെ* |

| | | | |
|---|---|---|---|
| | | | ബാങ്ക് അക്കൗണ്ടിൽ നെല്ലിന്റെ വില നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. പി.ആർ.എസ് പദ്ധതി പ്രകാരം നെല്ലിന്റെ വില കർഷകരുടെ പേരിൽ ലോണായി നൽകുകയും പലിശ സഹിതം സപ്ലൈകോ സമയബന്ധിതമായി തിരിച്ചടയ്ക്കുകയും ചെയ്യുന്ന രീതിയാണ് നിലവിലുള്ളത്. |

സെക്ഷൻ ഓഫീസർ